# ശമ്പള പരിഷ്ക്കരണം അക്കാദമിക യോഗ്യതകളും മാനദണ്ഡമാക്കണം -കെ എച്ച് എസ് ടി യു.

കോഴിക്കോട് : പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ സ്കെയിലുകൾ നിർണയിക്കുമ്പോൾ അക്കാദമിക് യോഗ്യതകൾ കൂടി പരിഗണിക്കണമെന്ന്

കെ എച്ച് എസ് ടി യു സംസ്ഥാന കൗൺസിൽ യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു . വിദ്യാഭ്യാസ മേഖലയെ ജനാധിപത്യ മതേതര വിരുദ്ധ ആശയങ്ങളുടെ പ്രസരണ കേന്ദ്രങ്ങളാക്കാനുള്ള നീക്കങ്ങളെ ചെറുത്തു തോൽപ്പിക്കണം. വി എച്ച് എസ് ഇ യുടെ പാഠ്യ പദ്ധതി പരിഷ്ക്കരണം ത്വരിതപ്പെടുത്തുക. ഭാഷാധ്യാപക തസ്തികകൾ സൃഷ്ടിക്കുക , അധ്യാപകക്ഷേമ നടപടികൾക്ക് പ്രത്യേക പരിഗണന നൽകുക തുടങ്ങിയ ആവശ്യങ്ങൾ യോഗം ഉന്നയിച്ചു . കെ ടി അബ്ദുൽ ലത്തീഫ് അദ്ധ്യക്ഷത വഹിച്ചു . എം . പി അബ്ദുസ്സമദ് സമദാനി എം എൽ എ ഉൽഘാടനം നിർവഹിച്ചു . ടി .വി ഇബ്രാഹിം, എം എം ഷാഫി, വിളക്കോട്ടൂർ മുഹമ്മദലി , നിസാർ ചേലേരി , എസ് സന്തോഷ് കുമാർ , കെ . കെ ആലിക്കുട്ടി ,പി .എം കൃഷ്ണൻ നമ്പൂതിരി , വി .കെ അബ്ദുറഹിമാൻ , യു സാബു , ജീലാ ബീഗം, പി എ അബ്ദുൽ ജലീൽ ,വി ഫൈസൽ , ഹാഷിം കാട്ടാമ്പള്ളി ,കെ സന്തോഷ് കുമാർ, സജി ജോസഫ് തുടങ്ങിയവർ സംബന്ധിച്ചു . ഒ.ഷൗക്കത്തലി സ്വാഗതം പറഞ്ഞു .

**ഭാരവാഹികൾ** :

പ്രസിഡൻറ് ഒ.ഷൗക്കത്തലി

വൈസ് പ്രസിഡൻറ് : വിളക്കോട്ടൂർ മുഹമ്മദലി , എസ് സന്തോഷ് കുമാർ, പി എ ഗഫൂർ , സി ടി പി. ഉണ്ണി മൊയ്തീൻ, യു സാബു, സജി ജോസഫ്

ജനറൽ സെക്രട്ടറി : വി .കെ അബ്ദുറഹിമാൻ.

സെക്രട്ടറി : വി പി അബ്ദുൽ സലീം , സി സുബൈർ , കെ കെ മുഹമ്മദ് അഷ്റഫ്. കെ ടി ഹനീഫ, ജീലാബീഗം, പി എ അബ്ദുൽ ജലീൽ, വി ഫൈസൽ.

ട്രഷറർ : കെ എസ് പ്രേംജിത്ത് .